**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1387</u>** **<u>07-02-2023 - ൽ മറുപടിയ്ക്ക്</u>**

**<u>ചലഞ്ച് ഫണ്ട്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഇടുക്കി ജില്ലയിൽ ചലഞ്ച് ഫണ്ട് പ്രയോജനപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് എത്ര സ്കൂളുകളാണ് അപേക്ഷിച്ചിരുന്നതെന്ന് അറിയിക്കുമോ; മണ്ഡലം തിരിച്ചുള്ള വിശദാംശം നൽകുമോ; | (എ) | **ഇടുക്കി ജില്ലയിൽ ചലഞ്ച് ഫണ്ട് വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്ന തിന് 3 സ്കൂളുകളാണ് പ്രൊപ്പോസൽ നൽകിയിട്ടുള്ളത്. മണ്ഡലം തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.**<br>1. സി.ആർ.എച്ച്.എസ്, വലിയതോവാള - ഉടുമ്പൻചോ<br>2. എസ്.എൻ.ഡി.പി വി.എച്ച്.എസ്, അടിമാലി - ദേവികുളം<br>3. എസ്.എം.എച്ച്.എസ്, മുരിക്കാശ്ശേരി - ഇടുക്കി |
| (ബി) | ഓരോ സ്കൂളിനും എത്ര രൂപയുടെ പ്രവൃത്തികൾക്കാണ് അനുമതി ലഭിച്ചത്; സ്കൂളിന്റെ പേര്, അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ; | (ബി) | **ചലഞ്ച് ഫണ്ട് നൽകുന്ന സ്കൂളുകൾക്ക് സർക്കാർ വിഹിതം 50 ലക്ഷം രൂപയും, മാനേജ്മെന്റ് വിഹിതം 50 ലക്ഷം രൂപയും ചേർത്ത് ആകെ ഒരു കോടി രൂപയ്ക്കാണ് ഭരണാനുമതി നൽകുന്നത്.**<br><br>**ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം ഓരോ സ്കൂളിനും നൽകിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.** |
| (സി) | ഓരോ സ്കൂളിനും ചലഞ്ച് ഫണ്ടിൽ നിന്നും എത്ര രൂപ വീതം അനുവദിച്ചിരുന്നെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ; | (സി) | **ചലഞ്ച് ഫണ്ട് നൽകുന്ന സ്കൂളുകൾക്ക് സർക്കാർ വിഹിതം 50 ലക്ഷം രൂപയും, മാനേജ്മെന്റ് വിഹിതം 50 ലക്ഷം രൂപയും ചേർത്ത് ആകെ ഒരു കോടി രൂപയ്ക്കാണ് ഭരണാനുമതി നൽകുന്നത്.**<br><br>**ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം ഓരോ സ്കൂളിനും നൽകിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.** |
| (ഡി) | വലിയതോവാള ക്രിസ്തുരാജ സ്കൂളിന് കെട്ടിടം നിർമാണവുമായി ബന്ധപ്പെട്ട് പാർട്ട് ബിൽ മാറി നൽകിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | ഉണ്ട്. **ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം** വലിയതോവാള ക്രിസ്തുരാജ സ്കൂളിന് കെട്ടിടം നിർമ്മിച്ച വകയിൽ 31,68,332/- രൂപ (മുപ്പത്തിയൊന്ന് ലക്ഷത്തി അറുപത്തിയെട്ടായിരത്തി മുന്നൂറ്റി മുപ്പത്തിരണ്ട് രൂപ മാത്രം) നൽകുവാനുണ്ട്.<br><br>**ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം തുക ലഭ്യമായ ആകെ സ്കൂളുകളുടെ ധനവിനിയോഗം സംബന്ധിച്ച വിവര ശേഖരണം നടത്തി വരുകയാണ്. പ്രസ്തുത വിവരങ്ങൾ** |

| | | | |
|---|---|---|---|
| | | | **ലഭ്യമാകുന്ന മുറയ്ക്ക് സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.** |
| (ഇ) | ചലഞ്ച് ഫണ്ട് പ്രയോജനപ്പെടുത്തി പ്രസ്തുത സ്കൂളിനായി കെട്ടിടം നിർമ്മിച്ച വകയിൽ എത്ര രൂപയാണ് നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം അറിയിക്കുമോ; | (ഇ) | ഉണ്ട്. **ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം** വലിയതോവാള ക്രിസ്തുരാജ സ്കൂളിന് കെട്ടിടം നിർമ്മിച്ച വകയിൽ 31,68,332/- രൂപ (മുപ്പത്തിയൊന്ന് ലക്ഷത്തി അറുപത്തിയെട്ടായിരത്തി മുന്നൂറ്റി മുപ്പത്തിരണ്ട് രൂപ മാത്രം) നൽകുവാനുണ്ട്.<br><br>**ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം തുക ലഭ്യമായ ആകെ സ്കൂളുകളുടെ ധനവിനിയോഗം സംബന്ധിച്ച വിവര ശേഖരണം നടത്തി വരുകയാണ്. പ്രസ്തുത വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.** |
| (എഫ്) | ഫണ്ട് അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നതിനിടയായ സാഹചര്യം വിശദമാക്കാമോ; പ്രസ്തുത സ്കൂളിന് അടിയന്തരമായി ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (എഫ്) | ഉണ്ട്. **ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം** വലിയതോവാള ക്രിസ്തുരാജ സ്കൂളിന് കെട്ടിടം നിർമ്മിച്ച വകയിൽ 31,68,332/- രൂപ (മുപ്പത്തിയൊന്ന് ലക്ഷത്തി അറുപത്തിയെട്ടായിരത്തി മുന്നൂറ്റി മുപ്പത്തിരണ്ട് രൂപ മാത്രം) നൽകുവാനുണ്ട്.<br><br>**ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം തുക ലഭ്യമായ ആകെ സ്കൂളുകളുടെ ധനവിനിയോഗം സംബന്ധിച്ച വിവര ശേഖരണം നടത്തി വരുകയാണ്. പ്രസ്തുത വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**(തുക ലക്ഷത്തിൽ)**

| ക്രമ നം. | സ്കൂളിന്റെ പേര് | അനുവദിച്ച തുക | നൽകിയ തുക |
|---|---|---|---|
| 1 | സി.ആർ.എച്ച്.എസ്, വലിയതോവാള | 50 | – |
| 2 | എസ്.എൻ.ഡി.പി.വി.എച്ച്.എസ്, അടിമാലി | 50 | 50 (15,65,947/- രൂപ മാത്രമാണ് വിനിയോഗിക്കുവാൻ കഴിഞ്ഞത്. ബാക്കി തുക കൃത്യസമയത്ത് പണി പൂർത്തിയാക്കാത്തതിനാൽ തിരിച്ചടച്ചു) |
| 3 | എസ്.എം.എച്ച്.എസ്, മുരിക്കാശ്ശേരി | 50 | 50 |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**(തുക ലക്ഷത്തിൽ)**

| ക്രമ നം. | സ്കൂളിന്റെ പേര് | അനുവദിച്ച തുക | നൽകിയ തുക |
|---|---|---|---|
| 1 | സി.ആർ.എച്ച്.എസ്, വലിയതോവാള | 50 | – |
| 2 | എസ്.എൻ.ഡി.പി.വി.എച്ച്.എസ്, അടിമാലി | 50 | 50 (15,65,947/- രൂപ മാത്രമാണ് വിനിയോഗിക്കുവാൻ കഴിഞ്ഞത്. ബാക്കി തുക കൃത്യസമയത്ത് പണി പൂർത്തിയാക്കാത്തതിനാൽ തിരിച്ചടച്ചു) |
| 3 | എസ്.എം.എച്ച്.എസ്, മുരിക്കാശ്ശേരി | 50 | 50 |

സെക്ഷൻ ഓഫീസർ